**GE-DA2/207/2025-G.EDN**

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-ശ്രീ വിശ്വൻ ടി വി, ലാബ് അസിസ്റ്റന്റ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1425/2024 ന്മേൽ പുറപ്പെടുവിച്ച 11/03/2026 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3077/2026/GEDN　തീയതി,തിരുവനന്തപുരം, 06-05-2026

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഹയർസെക്കന്ററി (പരീക്ഷാ വിഭാഗം) ഡയറക്ടറുടെ 11.10.2023-ലെ HSE/11270/2023/Exam F1 നം ഉത്തരവ്
2. പൊതു വിദ്യാഭ്യാസ ഹയർസെക്കന്ററി (പരീക്ഷാ വിഭാഗം) ഡയറക്ടറുടെ 08.04.2024-ലെ HSE/5137/2024-Exam VIII-I നം കുറ്റപത്രം, കുറ്റാരോപണ പത്രിക
3. പൊതു വിദ്യാഭ്യാസ ഹയർസെക്കന്ററി (പരീക്ഷാ വിഭാഗം) ഡയറക്ടറുടെ 12.06.2024-ലെ HSE/5137/2024-Exam VIII-I നം ഉത്തരവ്
4. പൊതു വിദ്യാഭ്യാസ ഹയർസെക്കന്ററി (പരീക്ഷാ വിഭാഗം) ഡയറക്ടറുടെ 23.09.2024-ലെ HSE/13100/2023-Exam VIII-2 നം ഉത്തരവ്
5. ശ്രീ.വിശ്വൻ.ടി.വി സമർപ്പിച്ച 05.11.2024-ലെ അപ്പീൽ അപേക്ഷ
6. പൊതുവിദ്യാഭ്യാസ(എൻ) വകുപ്പിന്റെ 23.04.2025-ലെ എൻ2/173/2024-പൊവിവ നം കത്ത്
7. ഒ.എ(ഇ)നം.1425/2024 നം കേസിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 11/03/2026-ലെ വിധിന്യായം

ഹയർസെക്കന്ററി പരീക്ഷാ വിഭാഗം ഡയറക്ടറുടെ

8. 31.03.2026-ലെ HSE/5137/2024-Exam VIII-1 നം കത്ത്

## ഉത്തരവ്

എറണാകുളം ജില്ലയിലെ പാലക്കുഴ ഗവ.മോഡൽ ഹയർ സെക്കന്ററി വിദ്യാലയത്തിലെ ലാബ് അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.വിശ്വൻ.ടി.വിയെ 2023-ലെ ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയുടെ ചോദ്യപേപ്പർ സുരക്ഷയുമായി ബന്ധപ്പെട്ട് രാത്രികാല ഡ്യൂട്ടിയിൽ വീഴ്ച വരുത്തിയതിന് പരാമർശം (1) പ്രകാരം സസ്പെന്റ് ചെയ്യുകയും, ടിയാനെതിരെ 1960-ലെ കെ.സി.എസ്(സി.സി.&എ) ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി പരാമർശം (4) പ്രകാരം 'സെൻഷ്വർ' നൽകി തീർപ്പാക്കുകയും ചെയ്തിരുന്നു. ടി ഉത്തരവിനെതിരെ ടിയാൻ പരാമർശം(5) പ്രകാരം സർക്കാർ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരുന്നു. ടി അപ്പീൽ സർക്കാർ പരിശോധിക്കുകയും പരാമർശം(6) പ്രകാരം നിരസിക്കുകയും ചെയ്തിരുന്നു.

2)പരാമർശം(6)-നെതിരെ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ(ഇ) നം.1425/2024 നം കേസ് ഫയൽ ചെയ്തിരുന്നു. പരാമർശം(7)-ലെ വിധിന്യായം പ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ പരാമർശം (6) റദ്ദാക്കുകയും കുറ്റം പൂർണ്ണമായും അവ്യക്തമാണെന്നും ചട്ടം 16 പ്രകാരമുള്ള അന്വേഷണ നടപടികൾ അച്ചടക്ക നടപടികൾക്കായുള്ള മാനുവലിനെ പൂർണ്ണമായും അവഗണിച്ചുകൊണ്ടാണെന്നും ഉള്ള വാദത്തെ പ്രത്യേകമായി പരിഗണിച്ചു കൊണ്ട് ടിയാൻ സമർപ്പിച്ച അനക്ഷർ 13 അപ്പീൽ അപേക്ഷ ഒരിക്കൽ കൂടി ടി വിധിന്യായം കൈപ്പറ്റി ഒരു മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

3) 2023 ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ചോദ്യപേപ്പറുകൾ സൂക്ഷിക്കുന്നതിന്റെ ഭാഗമായി സ്ട്രോങ് റൂമിന് രാത്രികാല കാവൽ നിൽക്കുന്നതിന് എറണാകുളം ജില്ലയിലെ പാലക്കുഴ ഗവ.മോഡൽ ഹയർ സെക്കണ്ടറി വിദ്യാലയത്തിലെ ലാബ് അസിസ്റ്റന്റ് ആയ ശ്രീ. വിശ്വൻ ടി വി (പെൻ 412281) യെ പ്രിൻസിപ്പാൾ നിയമിച്ച് ഉത്തരവാകുകയുണ്ടായി. എന്നാൽ ടി ജോലി കൃത്യമായി നിർവഹിക്കാതെ രാത്രികാല കാവൽ ജോലിയിൽ വീഴ്ച വരുത്തിയതായി പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4) എറണാകുളം ഹയർ സെക്കന്ററി മേഖല ഉപമേധാവി ഈ വിഷയം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ടിയാന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടെന്നും ടിയാനെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും ശുപാർശ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ പരാമർശം(1) പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുകയും തുടർന്ന് അച്ചടക്ക നടപടിയുടെ ഭാഗമായി 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും & അപ്പീലും) ചട്ടം 16, ഹയർ സെക്കണ്ടറി പരീക്ഷ മാന്വൽ

അധ്യായം 7 ൽ 2(a) എന്നിവ പ്രകാരം ടിയാന് പരാമർശം(2)-ലെ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകി അച്ചടക്ക നടപടി ആരംഭിച്ചു. ടിയാൻ സമർപ്പിച്ച 15.04.2024-ലെ പ്രതിവാദപത്രികയിൽ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവയിൽ ഉന്നയിച്ച ചാർജ്ജുകൾ നിഷേധിക്കുന്നുവെന്നും, പ്രിൻസിപ്പാൾ നൈറ്റ് വാച്ച്മാൻ ഡ്യൂട്ടി നിയോഗിച്ച് നൽകിയ ഉത്തരവ് പ്രകാരം ചോദ്യപേപ്പർ സ്കൂളിലെത്തിയ 03/10/2023 തീയതി മുതൽ ചോദ്യപേപ്പറിന്റെ രാത്രികാല കാവൽ ജോലി താൻ നിർവ്വഹിച്ചിട്ടുണ്ടെന്നും നൈറ്റ് വാച്ച്മാൻ ഡ്യൂട്ടി രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും, അത് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ് എന്നും, തുടർച്ചയായ 7 ദിവസത്തെ നൈറ്റ് ഡ്യൂട്ടി നിർവ്വഹിച്ച ശേഷം ഒരു ദിവസത്തെ വീക്കിലി ഓഫ് അനുവദിക്കണമെന്ന് പറയുകയും സ്ട്രോങ് റൂമിന്റെ താക്കോൽ പ്രിൻസിപ്പാളിന് തിരികെ ഏൽപ്പിക്കുകയുമുണ്ടായി. ചില അത്യാവശ്യമായ കാര്യങ്ങൾ ഉള്ളതിനാലും, ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാലുമാണ് വീക്കിലി ഓഫ് എടുത്തത്. കൂടാതെ നൈറ്റ് വാച്ച്മാൻ ഡ്യൂട്ടിക്ക് ആളെ കിട്ടിയില്ലെങ്കിൽ തന്നെ വിളിക്കുവാനും, താൻ വന്നുകൊള്ളാം എന്നും പ്രിൻസിപ്പാളിനെ അറിയിക്കുകയുമുണ്ടായി. പ്രിൻസിപ്പാൾ വിളിക്കാതിരുന്നപ്പോൾ പകരം ആളെ ലഭിച്ചിരിക്കും എന്നും കരുതി. എന്നാൽ താൻ വീക്കിലി ഓഫ് എടുത്ത ദിവസം പ്രിൻസിപ്പാൾ മറ്റൊരു അധ്യാപികയെ കൂട്ടിന് വിളിച്ച് നൈറ്റ് ഡ്യൂട്ടി നിർവ്വഹിച്ചു എന്നത് പിന്നീടാണ് അറിഞ്ഞത്. കഴിഞ്ഞ പത്ത് വർഷം ടി വിദ്യാലയത്തിൽ ചോദ്യപേപ്പർ സുരക്ഷയ്ക്കായി രാത്രികാല ഡ്യൂട്ടി നിർവ്വഹിച്ചുവരുന്ന ആളാണ് താൻ. തനിക്ക് വീക്കിലി ഓഫ് അനുവദിക്കുന്ന സമയം പകരം ആളെ കണ്ടെത്തേണ്ടതാണെന്ന് പ്രിൻസിപ്പാളിനോട് നേരത്തെ അറിയിച്ചിട്ടുള്ളതാണ് എന്നും ടിയാൻ പ്രതിവാദ പത്രികയിൽ സൂചിപ്പിച്ചിരിക്കുന്നു. തന്റെ നിരപരാധിത്തം മനസിലാക്കി തന്നെ സർവ്വീസിൽ തിരിച്ചെടുക്കണമെന്നും ടിയാൻ പ്രതിവാദ പത്രികയിൽ ആവശ്യപ്പെട്ടു.

5)ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദങ്ങളും, ആവശ്യവും പരിഗണിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടി നിലനിർത്തിക്കൊണ്ട് ടിയാനെതിരെ സ്വീകരിച്ച സസ്പെൻഷൻ നടപടി പിൻവലിച്ച് സർവ്വീസിൽ പുനപ്രവേശിപ്പിച്ചുകൊണ്ട് പരാമർശം(3) പ്രകാരം ഉത്തരവാകുകയുണ്ടായി. തുടർന്ന് ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഹയർസെക്കന്ററി (പരീക്ഷവിഭാഗം) ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സാജൻ.കെ.എച്ച്-നെ ചുമതലപ്പെടുത്തിയിരുന്നു.

6)പൊതു വിദ്യാഭ്യാസ ഹയർസെക്കന്ററി (പരീക്ഷ വിഭാഗം) ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അന്വേഷണത്തിൽ ശ്രീ.വിശ്വൻ.ടി.വി ഗുരുതരമായ അച്ചടക്ക ലംഘനമാണ് നടത്തിയിരിക്കുന്നത് എന്നും, ചോദ്യപേപ്പർ സുരക്ഷയുടെ രാത്രികാല ജോലി നിർവ്വഹിക്കുന്നതിൽ നിന്നും

രേഖാമൂലം പ്രിൻസിപ്പാളിന് അറിയിപ്പ് നൽകാതെയാണ് വിട്ട് നിന്നതെന്നും 4 ലക്ഷം കുട്ടികൾ എഴുതുന്ന സംസ്ഥാന തലത്തിൽ നടക്കുന്ന അതിഗൗരവമായ ഒരു പൊതുപരീക്ഷയുടെ ഭാഗമായുള്ള, അതീവനിഷ്ഠയോടുകൂടി ചെയ്യേണ്ടിയിരുന്ന ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിലാണ് വീഴ്ച വരുത്തിയിരിക്കുന്നതെന്നും ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ ടിയാനെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും & അപ്പീലും) ചട്ടം 11(1) പ്രകാരം സെൻഷ്വർ നൽകി അച്ചടക്കനടപടി സ്വീകരിക്കാവുന്നതാണെന്നും, 2026 മാർച്ചിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ടിയാന്റെ പ്രായവും, രോഗാവസ്ഥയും പരിഗണിച്ച് സസ്പെൻഷൻ കാലയളവ് അനുവദനീയമായ അവധിയായി പരിഗണിക്കാവുന്നതാണെന്നും അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയുണ്ടായി.

7) ശ്രീ.വിശ്വൻ.ടി.വി സമർപ്പിച്ച രേഖകളുടെയും, മൊഴിയുടെയും, അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ശ്രീ. വിശ്വൻ ടി വി യ്ക്കെതിരെ 1960ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും & അപ്പീലും) ചട്ടം 11(1) പ്രകാരം സെൻഷ്വർ നൽകി അച്ചടക്ക നടപടി സ്വീകരിച്ചുകൊണ്ടും, ടിയാന്റെ വേലവിലക്ക് കാലയളവ് അനുവദനീയമായ അവധിയായി പരിഗണിച്ചുകൊണ്ടും വേലവിലക്ക് കാലയളവ് ക്രമപ്പെടുത്തിക്കൊണ്ട് പരാമർശം(4) പ്രകാരം ഉത്തരവാകുകയുണ്ടായി.

8) ടിയാന്റെ പരാമർശം(5)-ൽ ഉന്നയിക്കുന്ന വാദങ്ങളെല്ലാം വാസ്തവ വിരുദ്ധമാണ്. ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും & അപ്പീലും) പ്രകാരം എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് നടപടിയെടുത്തത്. മാത്രമല്ല ഹയർ സെക്കണ്ടറി പരീക്ഷമാന്വൽ അധ്യാപകർക്ക് മാത്രം ബാധകമായ ഒന്നാണെന്നും അനധ്യാപക തസ്തികയിൽ ജോലി നോക്കുന്ന തനിക്ക് ബാധകമല്ല എന്നും വാദം ഉന്നയിക്കുന്നു. എന്നാൽ ഹയർ സെക്കണ്ടറി പരീക്ഷ മാന്വൽ അധ്യായം 2 ഖണ്ഡിക 6(f) പ്രകാരം പ്രിൻസിപ്പാളിന് ചോദ്യപേപ്പർ സുരക്ഷയ്ക്കായി നൈറ്റ് വാച്ച്മാൻ നിയമിക്കാവുന്നതാണെന്നും, അങ്ങനെ നിയമിക്കപ്പെടുന്ന നൈറ്റ് വാച്ച്മാൻ ചീഫ് സൂപ്രണ്ട് അതാത് ദിവസം ഡ്യൂട്ടി കഴിഞ്ഞ് സ്കൂളിൽ നിന്നും പോകുന്നതുമുതൽ അടുത്ത പ്രവൃത്തി ദിവസം ചീഫ് സൂപ്രണ്ട് ഡ്യൂട്ടിയിൽ നിന്നും ടിയാനെ റിലീവ് ചെയ്യുന്നത് വരെ ചോദ്യപേപ്പറുകളുടെ സുരക്ഷാ ചുമതല ടിയാനിൽ നിക്ഷിപ്തമാണെന്ന് നിഷ്കർഷിക്കുന്നു. പരീക്ഷമാന്വൽ അധ്യായം 2 ഖണ്ഡിക 6 ൽ പരീക്ഷ സമയത്ത് ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപകരുൾപ്പെടെ എല്ലാ ജീവനക്കാർക്കും അവധി അനുവദിക്കുന്നതല്ലയെന്നും അതാത് സ്കൂളിലെ ലാബ് അസിസ്റ്റന്റ്മാർക്ക് ക്ലാർക്ക്/ഓഫീസ് അസിസ്റ്റന്റ്/നൈറ്റ് വാച്ച്മാൻ എന്നീ ചുമതലകൾ നൽകാമെന്നും നിഷ്കർഷിക്കുന്നു.

9) ഇപ്രകാരം നൈറ്റ് വാച്ച്മാൻ ആയി നിയോഗിക്കപ്പെട്ട ടിയാൻ

രേഖാമൂലം യാതൊരു അറിയിപ്പും കൂടാതെയാണ് തന്റെ കൃത്യനിർവ്വഹണത്തിൽ നിന്നും മാറി നിന്നത്. ടി പ്രവൃത്തി ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ എഴുതുന്ന പരീക്ഷയുടെ ചോദ്യപേപ്പർ സുരക്ഷയുമായി ബന്ധപ്പെട്ടായതിനാൽ അതീവ ഗൗരവതരമാണ്. ആയതിനാൽ ആണ് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചത് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം(8) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

10) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. വിശ്വൻ.ടി.വി ഗുരുതരമായ അച്ചടക്ക ലംഘനമാണ് നടത്തിയിരിക്കുന്നത് എന്നും, ചോദ്യപേപ്പർ സുരക്ഷയുടെ രാത്രികാല ജോലി നിർവ്വഹിക്കുന്നതിൽ നിന്നും രേഖാമൂലം പ്രിൻസിപ്പാളിന് അറിയിപ്പ് നൽകാതെയാണ് വിട്ടു നിന്നതെന്നും 4 ലക്ഷം കുട്ടികൾ എഴുതുന്ന സംസ്ഥാന തലത്തിൽ നടക്കുന്ന അതിഗൗരവമായ ഒരു പൊതു പരീക്ഷയുടെ ഭാഗമായുള്ള, അതീവ നിഷ്ഠയോടുകൂടി ചെയ്യേണ്ടിയിരുന്ന ഉത്തരവാദിത്തം നിർ വഹിക്കുന്നതിൽ കാര്യമായ വീഴ്ച വരുത്തിയിരുന്നു എന്നും കാണുന്നു നൈറ്റ് വാച്ച്മാൻ ആയി നിയോഗിക്കപ്പെട്ട ശ്രീ.വിശ്വൻ.ടി.വി രേഖാമൂലം യാതൊരു അറിയിപ്പും കൂടാതെയാണ് തന്റെ കൃത്യനിർവ്വഹണത്തിൽ നിന്നും മാറി നിന്നത്. ടി പ്രവൃത്തി ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ എഴുതുന്ന പരീക്ഷയുടെ ചോദ്യപേപ്പർ സുരക്ഷയുമായി ബന്ധപ്പെട്ടായതിനാൽ അതീവ ഗൗരവതരമാണ്. ആയതിനാൽ ശ്രീ.വിശ്വൻ.ടി.വി (പെൻ 412281) ക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ശരിയാണെന്നു കാണുന്നു.

11) മേൽ സാഹചര്യത്തിൽ 2023-ലെ ഒന്നാം വർഷ ഹയർ സെക്കൻഡറി പരീക്ഷയുടെ ചോദ്യപേപ്പർ സുരക്ഷയുമായി ബന്ധപ്പെട്ട് രാത്രികാല ഡ്യൂട്ടിയിൽ വീഴ്ച വരുത്തിയ വിഷയത്തിൽ ശ്രീ.വിശ്വൻ. ടി.വി -ക്കെതിരെ 1960-ലെ KCS(CCA) ചട്ടം 16 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് പരാമർശം(4) പ്രകാരം സെൻഷ്വർ നല്കിയ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ശരിവെച്ചുകൊണ്ടും അപ്രകാരം ടിയാന്റെ പരാമർശം(5)-ലെ അപ്പീൽ നിരസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

12) അപ്രകാരം OA(EKM) 1425/2024 ലെ 11/03/2026 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ,(ഹയർസെക്കന്ററി പരീക്ഷാ വിഭാഗം) തിരുവനന്തപുരം
2. അഡ്വക്കേറ്റ് ജനറൽ, കേരളം (എറണാകുളം) (ആമുഖകത്ത് സഹിതം)
3. ശ്രീ വിശ്വൻ ടി വി, ലാബ് അസിസ്റ്റന്റ്(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരളം, തിരുവനന്തപുരം

5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
7. വെബ്(കൈറ്റ്സ്/ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by

Dhanya M B

Date: 07-05-2026 10:41:19

സെക്ഷൻ ഓഫീസർ